"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തസ്വഭവ - LID&EW - വാത്തിക്കുടി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. സുനിൽ എസ്(പെൻ-400400) - നെ സൂപ്പർ ന്യൂമററിയായി സർക്കാർ സർവീസിൽ നിലനിർത്തി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(കൈ) നം.228/2025/LSGD തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:-
1. 01.02.2024-ലെ സ.ഉ(അച്ചടി) നം.3/2024/SJD നമ്പർ ഉത്തരവ്.
2. ബഹു. ഭിന്നശേഷി കമ്മീഷന്റെ 16.09.2025-തീയതിയിലെ OP(RPWD) No. 1807/S2/2025 നമ്പർ ഉത്തരവ്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 14.10.2025 തീയതിയിലെ LSGD/PD/29390/2025-DEA4 നമ്പർ കത്ത്

<u>ഉത്തരവ്</u>

വാത്തിക്കുടി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. സുനിൽ എസ്. സർക്കാർ സർവീസിൽ തുടരവേ ഭിന്നശേഷിക്കാരനായി ശയ്യാവലംബനായി മാറിയതിനാൽ 2016 ലെ ഭിന്നശേഷി അവകാശ നിയമം 20-ാം വകുപ്പ് പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർ ഹതയുണ്ടെന്നും 07.10.2023 മുതൽ നാളിതു വരെയുള്ള മുടങ്ങിയ ശമ്പളവും നിയമപ്രകാരമുള്ള എല്ലാ അലവൻസുകളും , അർഹതപ്പെട്ട ഇൻക്രിമെന്റ് , ഗ്രേഡ് പ്രൊമോഷൻ, തന്റെ സീനിയോരിറ്റി അനുസരിച്ച് അർഹതപ്പെട്ട പ്രൊമോഷൻ തുടങ്ങി എല്ലാ ആനുകൂല്യങ്ങളും ടിയാളുടെ വിരമിക്കൽ തീയതി വരെയോ അല്ലെങ്കിൽ ടിയാളുടെ ജീവിതാവസാനം വരെയോ ഇവയിലേതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ നൽകിക്കൊണ്ട് ടിയാളെ സൂപ്പർ ന്യൂമറിയായി സർക്കാർ സർവീസിൽ നിലനിർത്തി നൽകുന്നതിന് വേണ്ട നടപടി 30

ദിവസത്തിനുള്ളിൽ കൈകൊള്ളുവാൻ പരാമർശം (2) പ്രകാരം ബഹു. ഭിന്നശേഷി കമ്മീഷൻ ഉത്തരവായിരുന്നു.

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറായി ജോലിചെയ്ത് വരവെ 06.10.2023-ൽ ഓഫീസിനുള്ളിൽ വച്ച് ശ്രീ. സുനിൽ എസ്-ന് സെറിബ്രൽ ഹെമറേജ് സംഭവിച്ചത് കാരണം കുഴഞ്ഞ് വീഴുകയും അബോധാവസ്ഥയിലായതിനെ തുടർന്ന് ഒന്നര വർഷമായി ചികിൽസ തുടർന്ന് വന്നിരുന്നുവെങ്കിലും ഭിന്നശേഷിത്വം സംഭവിച്ചതിനാൽ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ടിയാന്റെ അതീവ ഗുരുതരാവസ്ഥ കണക്കിലെടുത്ത് 2016-ലെ ഭിന്നശേഷി നിയമം സെക്ഷൻ 20(4)-ൽ ഉൾപ്പെടുത്തി ടിയാളുടെ വിരമിക്കൽ തീയതിവരെയോ അല്ലെങ്കിൽ ടിയാൾക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കാൻ കഴിയുന്നത് വരെയോ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർക്കാർ സർവ്വീസിൽ നിലനിർത്തി അർഹതപ്പെട്ട ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനായി പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ഭിന്നശേഷി കമ്മീഷന്റെ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിലും Rights of Persons with Disabilities Act, 2016 ചട്ടം 2 0 പ്രകാരവും ശ്രീ. സുനിൽ എസ്-, അസിസ്റ്റന്റ് എഞ്ചിനീയർ(പെൻ-400400) ന്, 07.10.2023 മുതൽ നാളിതു വരെയുള്ള മുടങ്ങിയ ശമ്പളവും നിയമപ്രകാരമുള്ള എല്ലാ അലവൻസുകളും, അർഹതപ്പെട്ട ഇൻക്രിമെന്റ് , ഗ്രേഡ് പ്രൊമോഷൻ, ടിയാന്റെ സീനിയോരിറ്റി അനുസരിച്ച് അർഹതപ്പെട്ട പ്രൊമോഷൻ തുടങ്ങി എല്ലാ ആനുകൂല്യങ്ങളും ടിയാളുടെ വിരമിക്കൽ തീയതി വരെയോ അല്ലെങ്കിൽ ടിയാളുടെ ജീവിതാവസാനം വരെയോ ഇവയിലേതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ നൽകിക്കൊണ്ട് ടിയാളെ സൂപ്പർ ന്യൂമററിയായി സർക്കാർ സർവീസിൽ നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുക്കുട്ടൻ എം എസ്

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ),തിരുവനന്തപുരം

4. ശ്രീ. സുനിൽ എസ്,അസിസ്റ്റന്റ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

5. ധനകാര്യ വകുപ്പ് ( ഡെവ- 42522025- ധന(ഇ:3289491)

6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

7. വെബ് & ന്യൂ മീഡിയ , വിവര പൊതുജന സമ്പർക്ക വകുപ്പ്.

8. കരുതൽ ഫയൽ /ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 18-12-2025 17:00:14